## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2392 — 18.12..2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ചികിത്സാ പദ്ധതി

**ചോദ്യം** — **ഉത്തരം**

**ശ്രീ.ഇ.പി.ജയരാജൻ** — **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ നിർധനരായ രോഗികൾ അടിയന്തിര ചികിൽസക്കായി മറ്റ് ആശുപത്രികളിൽ ചികിൽസ തേടേണ്ട സാഹചര്യം ഉണ്ടായാൽ അവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിൽസാ ധനസഹായം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ ; വ്യവസ്ഥയിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ; | (എ) | കേരളത്തിലെ ഏത് സർക്കാർ ആശുപത്രികളിലും, പരിയാരം മെഡിക്കൽ കോളേജ്, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവയിലും ചികിൽസ തേടാൻ രോഗികൾക്ക് ഈ പദ്ധതി പ്രകാരം സൗകര്യമുണ്ട്. പദ്ധതിയുടെ ചികിൽസ പാക്കേജും നിരക്കും അംഗീകരിക്കാൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ള 40 സർക്കാരിതര ആശുപത്രികളിലേക്ക് കൂടി കാരുണ്യ ചികിൽസ വ്യാപിപ്പിക്കുകയാണ്. എന്നാൽ സർക്കാരിതര ആശുപത്രികളിൽ അടിയന്തിര ചികിൽസക്ക് അനുവാദം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. |
| (ബി) | ഇങ്ങനെയൊരു വ്യവസ്ഥ ഇല്ലെങ്കിൽ നിയതമായ മാർഗരേഖ പുറപ്പെടുവിച്ചു കൊണ്ട് അവർക്ക് ചികിൽസാ ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.